പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 711 — 02.11.2011-ൽ മറുപടിക്ക്.

## പേപ്പർലെസ് ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.കെ. അച്ചുതൻ<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിനെ പേപ്പർലെസ് ഓഫീസാക്കി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) | സെക്രട്ടറിയേറ്റിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഉൾപ്പെടെ 7 പ്രധാന വകുപ്പുകൾ പേപ്പർലെസ് ആഫീസാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത് ഘട്ടം ഘട്ടമായി പൊതുവിദ്യാഭ്യാസ വകുപ്പ് അടക്കമുള്ള മറ്റ് വകുപ്പുകളിലും നടപ്പാക്കുന്നതാണ്. |
| (ബി) | അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും വിദ്യാഭ്യാസ മന്ത്രിക്ക് നേരിട്ട് പരാതി അയയ്ക്കുന്നതിനും അവർക്ക് മറുപടി ലഭിക്കുന്നതിനും മന്ത്രിയുടെ ഓഫീസിൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നേരിട്ട് പരാതി അയക്കാവുന്നതാണ്. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ആഫീസിൽ ലഭിക്കുന്ന നിവേദനങ്ങളും പരാതികളും 'ഐഡിയാസ്' എന്ന ഫയൽ ട്രാക്കിംഗ് സോഫ്ട് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിൽ നിന്ന് നിവേദകർക്കും പരാതിക്കാർക്കും ഇ-പോസ്റ്റിലൂടെ മറുപടി നൽകുവാൻ കഴിയും. |
| (സി) | ഈ സംവിധാനം എന്നു മുതൽ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത് ; | (സി) | സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകളിലും പരാതികളുടെയും ഫയലുകളുടെയും തൽസ്ഥിതി അറിയുന്നതിനുള്ള 'ഐഡിയാസ്' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ